ദേവസ്വങ്ങളുടെ സർപ്ലസ് ഫണ്ട്

45 (1602) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിന്ദുദേവസ്വങ്ങളുടെ സർപ്ലസ് ഫണ്ടു ട്രഷറികളിലടയ്ക്കണമെന്ന് വാക്കാലോ, രേഖാമൂലമോ ദേവസ്വം മാനേജ്മെന്റുകളോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഇതുപോലെ മറ്റു മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളുടെ സർപ്ലസ് ഫണ്ട് ഗവൺമെന്റ് ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശബരിമല ക്ഷേത്രവികസനം

46 (1603) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല ക്ഷേത്രത്തിന്റെ വികസന പ്രവർത്തനം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കേന്ദ്രത്തിൽ നിന്നും ഇക്കാര്യത്തിന് എന്തെങ്കിലും സഹായം പ്രതീക്ഷിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ശബരിമല ക്ഷേത്രത്തിന്റെ വികസനത്തിനായി ആവശ്യമായ വനഭൂമി ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇക്കാര്യം അനുഭാവപൂർവ്വമായി പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശബരിമല ക്ഷേത്രം ദേശീയ ആരാധന കേന്ദ്രമാക്കാൻ നടപടി

47 (1604) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല ക്ഷേത്രം ദേശീയമോ അന്തർദേശീയമോ ആയ ആരാധനാകേന്ദ്രം ആക്കി പ്രഖ്യാപിക്കുന്നതിന് സഹായകരമായ എന്തെല്ലാം നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് 17-5-1998-ൽ ഇന്ത്യൻ പ്രധാനമന്ത്രിയും 26-3-2000-ൽ കേന്ദ്രമന്ത്രി ശ്രീ. ഒ. രാജഗോപാലിന്റെ നേതൃത്വത്തിലുള്ള പാർലമെന്ററി കമ്മിറ്റിക്കും ഇതിനായി നിവേദനം നൽകിയിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

മണ്ഡല ഉത്സവകാലത്ത് ശബരിമലയിൽ ചികിത്സാ സൗകര്യമൊരുക്കുന്നതിന് നൽകേണ്ട തുക

48 (1605) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡല ഉത്സവകാലത്ത് ശബരിമലയിൽ ചികിത്സാ സൗകര്യമൊരുക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഗവൺമെന്റിന് എന്തെങ്കിലും തുക നൽകേണ്ടതുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഇനത്തിൽ എന്ന് അറിയിക്കുമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഈയിനത്തിൽ ഇതുവരെ എന്ത് തുക ദേവസ്വം ബോർഡ് ഗവൺമെന്റിലേയ്ക്ക് അടച്ചു ;

(ഡി) ഇനി എന്ത് തുക അടയ്ക്കുവാനുണ്ട് ?

ഉത്തരം

(എ&ബി) മണ്ഡല ഉത്സവകാലത്ത് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും ശബരിമലയിൽ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ഡിഎം. ട്രെയിനീസിന് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ഓണറേറിയം നൽകി വരുന്നുണ്ട് എന്നും സാനിറ്റേഷൻ ജോലികൾക്ക് പത്തനംതിട്ട ജില്ലാ കളക്ടർ ചെയർമാനായ സാനിട്ടേഷൻ സൊസൈറ്റിക്ക് ഇക്കഴിഞ്ഞ ശബരിമല ഉത്സവകാലത്ത് പതിനഞ്ച് ലക്ഷം രൂപ നൽകി എന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിൽ നിന്ന് ഗവൺമെന്റിന് തുക ഒന്നും നൽകുന്നില്ല.

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഫിനാൻസ് ആന്റ് അക്കൗണ്ടിംഗ് ഓഫീസറുടെ നിയമനം

49 (1606) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. അച്യുതൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി വിധിയനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ഒരു ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസറെ നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly